

ഗൂഗിൾ മീറ്റിലൂടെ

KC HR
past for a positive future

# 1924-ലെ പ്രളയം

## തിരുവനന്തപുരം പുരാരേഖാവകുപ്പിൽ നിന്നും ലഭ്യമായ രേഖകളുടെ സാമാന്യാവലോകനം

തയ്യാറാക്കിയത് : **ഡോ. കെ. ബീന, ഹരിശങ്കർ. ബി** (റിസർച്ച് അസിസ്റ്റന്റ്സ്, കെ.സി.എച്ച്.ആർ)

**സ്വാഗതം**
**പ്രൊഫസർ വി. കാർത്തികേയൻ നായർ**
ഡയറക്ടർ, കെ സി എച്ച് ആർ

**അധ്യക്ഷൻ**
**പ്രൊഫസർ പി. കെ. മൈക്കിൾ തരകൻ**
ചെയർമാൻ, കെ സി എച്ച് ആർ

**വിഷയാവതരണം**
**ഡോ. കെ. ബീന**

**നവംബർ 25, 2020, ബുധനാഴ്ച്ച, 3.00 മണിക്ക്**

കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക : www.kchr.ac.in/pages/165

## കേരള ചരിത്ര ഗവേഷണ കൗൺസിൽ

തിരുവനന്തപുരം | www.kchr.ac.in

CLICK HERE

# 1924-ലെ പ്രളയം

## തിരുവനന്തപുരം പുരാരേഖാവകുപ്പിൽ നിന്നും ലഭ്യമായ രേഖകളുടെ സാമാന്യാവലോകനം

2018 ഓഗസ്റ്റ് കേരള സംസ്ഥാനം അതിശക്തമായ ഒരു പ്രളയത്തിൽ അകപ്പെട്ടു. നാശനഷ്ടങ്ങൾ അതിഭീകരമായിരുന്നു. ജീവന്റെയും വസ്തുക്കളുടെയും നഷ്ടത്തിലധികമായി പ്രളയം സമൂഹത്തെയാകെ അഗാധമായി ബാധിച്ചു കൊണ്ടാണ് കടന്നുപോയത്. ഇതൊക്കെയാണെങ്കിലും ദുരന്ത തീവ്രതയ്ക്കിട യിലും കേരളജനത അതിസാഹസികമായും ധീരമായും നിലകൊള്ളുകയും പ്രവർത്തന ഐക്യത്തിന്റെ മാതൃകകൾ സൃഷ്ടിക്കുകയും ചെയ്തു. ഇത്തരമൊരു അനുഭവം വരുംതലമുറയുടെ അറിവിലേക്കായി രേഖപ്പെടുത്തുക എന്ന ദൗത്യമാണ് കേരള ചരിത്ര ഗവേഷണ കൗൺസിൽ 'പ്രളയം ചരിത്രരേഖകളും ഓർമ്മകളും' എന്ന ഗവേഷണ പദ്ധതിയിലൂടെ നിർവഹിക്കുന്നത്.

കേരളജനത ഇതിനു മുമ്പും ഇത്തരമൊരു പ്രളയാന്തരീക്ഷം തരണം ചെയ്തിട്ടുണ്ട്. അത് എപ്രകാരമെല്ലാമായിരുന്നു എന്ന ഒരു നിരീക്ഷണം ഇന്നത്തെ പഠനത്തിന് സഹായകമാണ്. പദ്ധതിയുടെ അധ്യായ വിഭജനത്തിൽ പ്രധാനപ്പെട്ട ഒരു അധ്യാ യമാണ് 1924 ലെ പ്രളയം. ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം പുരാരേഖ വകുപ്പിൽ നിന്നും ലഭ്യമായ ഫയലുകൾ മാത്രം അടിസ്ഥാനമാക്കി തയ്യാറാക്കിയ ഒരു സാമാന്യാവലോകനം അവതരിപ്പിക്കുക എന്നതാണ് ഈ വർക്കിംഗ് പേപ്പറിന്റെ ഉദ്ദേശ്യം. പദ്ധതിയുടെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ഉപകരിക്കുന്ന വിധത്തിൽ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് ഈ പഠനം വിപുലീകരി ക്കുകയാണ് ഈ അവതരണത്തിന്റെ ലക്ഷ്യം.



## ഡോ. കെ. ബീന

ഡോ. കെ. ബീന, 2018–ൽ കേരള സർവകലാശാലയിൽ നിന്നും മലയാളസാഹിത്യത്തിൽ ഡോക്ടറേറ്റ് നേടി. കേന്ദ്രസാഹിത്യ അക്കാദമിയുടെ മലയാള ഭാഷാവിദഗ്ധ സമിതിയിൽ അംഗമാണ്. കേരള സംസ്ഥാന പാഠപുസ്തക പരിഷ്കരണ ശില്പശാലകളിലും പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങളിലും പങ്കാളിയായിരുന്നു. മലയാളം മിഷന്റെ പാഠപുസ്തക പരിശോധനയിലെ വിദഗ്ധ സമിതിയിൽ അംഗമായിരുന്നു. 2019 മുതൽ കേരള ചരിത്രഗവേഷണ കൗൺസിലിൽ റിസർച്ച് അസിസ്റ്റന്റായി സേവനമനുഷ്ഠിക്കുന്നു.



## ഹരി ശങ്കർ ബി.

ഹരി ശങ്കർ ബി, 2017 ആർക്കിയോളജിയിൽ ഗുജറാത്ത് എം.എസ്. യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദാനന്തരബിരുദം നേടി. 2018 ൽ യുജിസി നെറ്റ് കരസ്ഥമാക്കി. മൊളസ്ക്കൻ സ്റ്റഡീസ് (Molluscan Studies) പുരാതന ചരിത്ര കാലം, ഇരുമ്പുയുഗം, സെറാമിക് സ്റ്റഡി (Ceramic Study), നാണയ ശാസ്ത്രം (Numismatics) എന്നിവയാണ് ഗവേഷണ മേഖലകൾ. 2019 മുതൽ കേരള ചരിത്ര ഗവേഷണ കൗൺസിലിൽ റിസർച്ച് അസിസ്റ്റന്റായി സേവനമനുഷ്ഠിക്കുന്നു.

**കേരള ചരിത്ര ഗവേഷണ കൗൺസിൽ**

തിരുവനന്തപുരം | www.kchr.ac.in